## കേരള ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T) യുടെ നടപടിക്രമങ്ങൾ

വിഷയം:- ആ.വ.ഡ - 01.01.2007 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ JPHN ഗ്രേഡ് - 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. അജിത കുമാരി. കെ. എസ് - നെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്-

സൂചന :-
1. ഉത്തരവ് നമ്പർ. ഇ. എസ്5-6150/2019/ആ.വ.ഡ, തീയതി. 05.11.2020
2. ഉത്തരവ് നമ്പർ. FW(Spl. Cell) 61647/2007/ആ.വ.ഡ, തീയതി. 10.08.2009
3. കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ എ4-4219/2021/, തീയ്യതി. 06.03.2021 &13.07.2021 കത്തുകൾ
4. 23.10.2021 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്

**ഉത്തരവ് നം. ഇ.എസ്5/18694/2021/ആ.വ.ഡ/തീയതി : 18/11/2021**

ആരോഗ്യ വകുപ്പിൽ 01.01.2007 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ജെ. പി. എച്ച്. എൻ. ഗ്രേഡ് - 2 ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടിക മേൽ സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു.

എന്നാൽ ഈ പട്ടികയിൽ ഉൾപ്പെടുത്തണം എന്നാവശ്യപ്പെട്ട് ശ്രീമതി. അജിതകുമാരി. കെ. എസ്, ജെ. പി. എച്ച്. എൻ. ഗ്രേഡ് - 2 കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടിയാളുടെ അപേക്ഷ പരിശോധിച്ചതിൽ ശ്രീമതി. അജിതകുമാരിക്ക് മേൽ സൂചന 2 പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ 1753 എന്ന സ്ഥാനം നൽകിയിട്ടുണ്ട്. എന്നാൽ 25.10.2007 തീയതിയിൽ ടിയാൻ കാസർകോഡ് ജില്ലയിൽ നിന്ന് കോട്ടയം ജില്ലയിലേക്ക് അന്തർജില്ലാസ്ഥലംമാറ്റം വാങ്ങി. ആയതിനാൽ ടി സീനിയോറിറ്റി നഷ്ടപ്പെട്ടു. ടിയാൾ അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങിയ തിയ്യതി അടിസ്ഥാനമാക്കി 01.01.2007 മുതൽ 31.12.2010 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 118(A) എന്ന സ്ഥാനം ലഭിക്കാൻ അർഹതയുണ്ട്. ആയതിനാൽ മേൽ സൂചന 2 സീനിയോറിറ്റി പട്ടികയിൽ നൽകിയിരുന്ന 1753 എന്ന സ്ഥാനം റദ്ദ് ചെയ്ത് മേൽ സൂചന 1 സീനിയോറിറ്റി പട്ടികയിൽ 118(A) എന്ന സ്ഥാനം താൽക്കാലികമായി അനുവദിച്ചു നൽകാൻ തീരുമാനിച്ച് മേൽ സൂചന 4 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ടി വിഷയത്തിൽ ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ സമർപ്പിക്കാൻ മതിയായ സമയം നൽകിയിരുന്നെങ്കിലും പരാതികളോ ആക്ഷേപങ്ങളോ നാളിതുവരെ ലഭിച്ചിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 01.01.2007 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ജെ. പി. എച്ച്. എൻ. ഗ്രേഡ് - 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ചുവടെ അനുബന്ധപട്ടികയിൽ സൂചിപ്പിക്കും പ്രകാരം ശ്രീമതി. അജിത കുമാരി. കെ. എസ് - ന് സീനിയോറിറ്റി അനുവദിച്ചു നൽകി ഇതിനാൽ ഉത്തരവാകുന്നു

പട്ടിക അനുബന്ധം A ആയി ഇതോടൊപ്പം ഉൾപ്പെടുത്തുന്നു.

ഒപ്പ്/-
ഡോ. സെമീറ. എ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. ശ്രീമതി. അജിതകുമാരി. കെ. എസ്, JPHN Gr. II
3. സൂപ്രണ്ട്, FWA സെക്ഷൻ
4. ഫയൽ/കരുതൽഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

അനുബന്ധം A

01.01.2007 മുതൽ 31.12.2010 വരെയുള്ള കാലയളവിലെ ജെ. പി. എച്ച്. എൻ ഗ്രേഡ് – 2 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി പുറപ്പെടുവിക്കുന്ന പട്ടിക

| Sl. No. | Name & PEN No | Date of Birth | Qualification | PSC Advice No. & Date | Date of entry in service | Existing Rank No(21.01.1994 – 31.12.2006) | Proposed rank (01.01.2007 to31.12.2010) | Date of assigning seniority | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | Ajitha Kumari. K. S | 25.04.1969 | PDC, 55ANM | KGD(1)298/94 /KPSC,KGD, Dt: 04.09.2000 | 05.10.2000 | 1753 | **118 A** | 25.10.2007 | IDT from Kasaragod to Kottayam, joined on 25.10.2007 |

ഒപ്പ്/-

ഡോ. സമീറ. എ

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്